നം.കെ.എസ്.എ-ഐ.ഡി.കെ-7/230/19 തീയതി : 26.03.2019

# ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

***************************

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.10.2017 മുതൽ 04.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. റ്റി. എൽ. സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 08.03.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ. വി. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി എബ്രഹാം | സിനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജിമ്മി പോൾ | 01.04.2017 മുതൽ 16.01.2018 വരെ |
| പ്രസിഡന്റ് | ശ്രീ. സിനോജ് ജോസ് | 17.01.2018 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ. ജി. ശിശുപാലൻ | 01.04.2017 മുതൽ 27.04.2017 വരെ |
| | ശ്രീ. ലാൽ കമാർ ജെ. ആർ. | 28.04.2017 മുതൽ 16.09.2017 വരെ |

| | | |
|---|---|---|
| | ശ്രീ. കെ. ജെയ്മോൻ | 17.09.2017 മുതൽ 05.10.2017 വരെ |
| | ശ്രീ. ധീരജ് മാത്യു ജെ. ജെ. | 06.10.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. ബി. സുധാകർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ. ജോർജ്ജ്സെബാസ്റ്റ്യൻ | 01.04.2017 മുതൽ 04.07.2017 വരെ |
| | ജോമോൻ ജോസഫ് | 05.07.2017 മുതൽ 11.07.2017 വരെ |
| | ആൻസി തോമസ് | 12.07.2017 മുതൽ 31.03.2018 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി. സുജ ജേക്കബ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എക്സി. എൻജിനീയർ | ശ്രീമതി. ലിസ്സി തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. കൈരളി കെ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. സുപ്രിയ ദേവി | 01.04.2017 മുതൽ 11.07.2017 വരെ |
| | ശ്രീ. നാരായൺ നമ്പൂതിരി | 12.07.2017 മുതൽ 31.03.2018 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അനൂപ് കുമാർ പി.സി. | 01.04.2017 മുതൽ 16.11.2017 വരെ |
| | ശ്രീമതി.ആനിയമ്മ ഫ്രാൻസിസ് | 17.11.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഖണ്ഡിക | ഭാഗം 1 – പൊതു അവലോകനംഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| | | 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | സി.എച്ച്.സി. ക്വാർട്ടേഴ്സ് വാടക ലഭിക്കുന്നില്ല |
| 14 | 2-2 | കെട്ടിട വാടക വർഷാവർഷം പുതുക്കി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം |
| | | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 15 | 3-1 | ടാറിംഗ് വേലകളുടെ കാലിവീപ്പയുടെ വില ഈടാക്കിയതിലെ അപാകത - നഷ്ടം ₹6,839/- |
| 16 | 3-2 | ബ്ലോക്ക്പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതിയിൽ ടെണ്ടർ അംഗീകരിച്ചതിൽ അപാകത |
| 17 | 3-3 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ |
| 18 | 3-4 | പാലിയേറ്റീവ് കെയർ തുക ദുർവിനിയോഗം - ചെലവ് തടസ്സപ്പെടുത്തുന്നു |
| 19 | 3-5 | പദ്ധതി രൂപീകരണം - പ്രിന്റിംഗിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 20 | 3-6 | മുച്ചക്ര വാഹന വിതരണം അപാകതകൾ - തടസ്സം ₹6,00,000/- |
| 21 | 3-7 | മണ്ണ് സംരക്ഷണം- ഫലവൃക്ഷതൈ വിതരണം - അപാകതകൾ |
| 22 | 3-8 | നീക്കിയിരിപ്പ് തുക തിരിച്ചടച്ചിട്ടില്ല |
| 23 | 3-9 | ദർഘാസ് പരസ്യങ്ങൾ വിൻഡോ പരസ്യ രൂപത്തിൽ നൽകിയില്ല |
| 24 | 3-10 | പൈങ്കുളം അങ്കണവാടി കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 25 | 3-11 | ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല |
| 26 | 3-12 | വിവിധ ഫണ്ട് കൈമാറൽ പ്രവൃത്തികൾ - വിനിയോഗ വിവരങ്ങളില്ല |
| 27 | 3-13 | ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ മരുന്നുകൾ വാങ്ങി - അപാകതകൾ |
| 28 | 3-14 | മരുന്നുകൾ ലഭ്യമായില്ല - ചെലവ് തടസ്സം |
| | | ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 37 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-10 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 39 | അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | | തിരിച്ചയച്ച തീയതി | തീയതി |
| 31.07.2018 | 08.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 07.03.2019 | കെ.എസ്.എ.ഐ.ഡി.കെ.3/677/ 2018(48) |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,11,00,616 |
| വരവ് | ₹366,53,946 |
| ആകെ | ₹4,77,54,562 |
| ചെലവ് | ₹4,17,94,072 |
| നീക്കിയിരിപ്പ് | ₹59,60,490 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 17158160 | 17158160 | 17142212 | 15948 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 3760000 | 3760000 | 3760000 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 0 | 1067000 | 1067000 | 947820 | 119180 |
| മെയിന്റനൻസ് - നോൺ-റോഡ് (ACR പ്രകാരം) | 0 | 2188000 | 2188000 | 2175649 | 12351 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ്.ജി.എസ്.വൈ. (A/c ST - TDPA ₹12,055/-, A/c No. 21003/-, ₹2,072/-) | 14030 | 97 | 14127 | 0 | 14127 |
| ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് - അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |
| ഐ.എ.വൈ. ജനറൽ | 24401 | 247530 | 271931 | 264138 | 7793 |
| സമ്പൂർണ്ണ ശുചിത്വം | 4507 | 0 | 4507 | 0 | 4507 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വ മിഷൻ | | 1000 | 0 | 1000 | 0 | 1000 |
| മറ്റ് പ്രത്യേക ഗ്രാന്റുകൾ | | 2233 | 0 | 2233 | 0 | 2233 |
| പ്രത്യേക കേന്ദ്രവിഹിതം (PMKSY) | | 69990 | 3337 | 73327 | 52753 | 20574 |
| സമഗ്ര നീർത്തട പരിപാലന പദ്ധതി (IWMP) | | 251 | 333521 | 333772 | 329972 | 3800 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം (TSC) | | 1484618 | 446185 | 1930803 | 1080426 | 850377 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമപഞ്ചായത്ത് | 680000 | 357500 | 1037500 | 643290 | 394210 |
| | ജില്ലാപഞ്ചായത്ത് | 920500 | 2824000 | 3744500 | 900606 | 2843894 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3010467 | 3283335 | 6293802 | 344291 | 2851311 |
| ഗുണഭോക്തൃ വിഹിതം | | 0 | 125060 | 125060 | 0 | 125060 |
| യൂണിയൻ ബാങ്ക് (IAY Plan) | | 4765628 | 4260418 | 9026046 | 7627795 | 1398251 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 52994 | 0 | 52994 | 0 | 52994 |
| | ട്രഷറി അക്കൗണ്ട് | 3010467 | 5883168 | 8893635 | 8721462 | 172173 |

കുറിപ്പ് :

1) ഐ.എ.വൈ.ലോൺ (₹22,897/-), ഇ.എം.എസ്. ലോൺ (₹46,600/-) എന്നീ ലോൺ അക്കൌണ്ടുകൾ വാർഷിക കണക്കിലെ നീക്കിയിരിപ്പിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

2) ജനറൽ പർപ്പസ് നീക്കിയിരിപ്പ് സർക്കാർ തിരികെ എടുത്തതിനാൽ അക്കൌണ്ടിൽ അവശേഷിക്കുന്നില്ല.

## 1-6 പദ്ധതി അവലോകനം

2017-18 വർഷം 71 പ്രോജക്ടുകളിലായി ₹3,35,77,174/- അടങ്കലുള്ള പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 64 പ്രോജക്ടുകളിലായി ₹2,43,47,452/- ചെലവഴിച്ചിട്ടുണ്ട്. ആകെ 90% പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. ഇതിലൂടെ 73% തുക ചെലവഴിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 28 | 27 | 10519858 | 8177453 | 78 |
| 2 | സി.ഡി.പി.ഒ. | 3 | 3 | 1580000 | 1580000 | 100 |
| 3 | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 225000 | 225000 | 100 |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 4 | 4 | 1449350 | 1449350 | 100 |
| 5 | പട്ടികജാതി വികസന ഓഫീസർ | 1 | 1 | 1460000 | 1460000 | 100 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 657000 | 524000 | 80 |
| 7 | ഡയറി എക്സ്റ്റെൻഷൻ | 1 | 1 | 4500000 | 1995000 | 44 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ | | | | | |
| 8 | അസി. എക്സി. എൻജി. എൽ.എസ്.ജി.ഡി. | 13 | 10 | 4311351 | 3246483 | 75 |
| 9 | അസി. എൻജിനീയർ ത.സ്വ.ഭ.വ. | 18 | 15 | 8874615 | 5690166 | 64 |
| | ആകെ | 71 | 64 | 33577174 | 24347452 | 73 |

## 1-7 തൊഴിലുറപ്പ് പദ്ധതി

– ഇല്ല –

## 1-8 ക്ഷേമ പദ്ധതികൾ

- ഇല്ല -

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.2019ന് 4-പി.എം.ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

അക്കൌണ്ടിംഗ് സിസ്റ്റം – അപാകതകളോടു കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. യാത്രാബത്തകളുടെ അപേക്ഷകളോടൊപ്പം യാത്ര ഡയറിയും സമർപ്പിക്കേണ്ടതാണ്. 2 വർഷത്തിന് ശേഷമുള്ള അപേക്ഷകൾ പരിഗണിക്കുവാൻ പാടില്ലാത്തതുമാണ്. യാത്രാബത്ത സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധ കാണിക്കുന്നില്ല. ഇക്കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള ഗ്രാമസഭകളും വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും 1 പ്രാവശ്യം സമ്മേളിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.2018<br>22.12.2018 | 2017-18 | 13.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.02.2015 | 2009-10 മുതൽ 2013-14 വരെ | 21.05.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

3. വാടകരജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

4. തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഐ.എ.വൈ. ലോൺ, ഇ.എം.എസ്. ലോൺ എന്നീ അക്കൌണ്ടുകൾ വാർഷിക കണക്കിലെ നീക്കിയിരിപ്പിൽ (RP40(b)) തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സി.എച്ച്.സി. ക്വാർട്ടേഴ്സ് വാടക ലഭിക്കുന്നില്ല

2017-18 വർഷം ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുട്ടം, പുറപ്പുഴ സി.എച്ച്.സി. ക്വാർട്ടേഴ്സുകളുടെ വാടക ബ്ലോക്ക്പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മുൻ വർഷത്തെ റിപ്പോർട്ടിൽ ഇക്കാര്യം പരാർശിച്ചിരുന്നെങ്കിലും വാടക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ക്വാർട്ടേഴ്സ് വാടക ലഭ്യാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 കെട്ടിട വാടക വർഷാവർഷം പുതുക്കി നിർണ്ണയിക്കാത്തതിനാൽ വരുമാന നഷ്ടം

ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടക വർഷാവർഷം വർദ്ധിപ്പിച്ച് കരാർ പുതുക്കുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ വിവരം | പ്രതിമാസ വാടക ₹ |
|---|---|
| കസ്തൂർബാ എസ്.എച്ച്.ജി.,ഈസ്റ്റ് കലൂർ | 100/- |
| ഐശ്വര്യ എസ്.എച്ച്.ജി., തെക്കുഭാഗം | 250/- |
| ഇടവെട്ടിച്ചിറ കുടുംബശ്രീ എ.ഡി.എസ്., ഇടവെട്ടി | 250/- |

തനത് വരുമാന വർദ്ധനവിനുതകുന്ന രീതിയിൽ വാടക വർദ്ധനവ് വരുത്തേണ്ടതാണ്.

സ്ഥാപനത്തിൽ വാടക കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി വാടക രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ബ്ലോക്കിന്റെ ഉടമസ്ഥതയിലുള്ള നിരവധി കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്താതെ നാശോന്മുഖമായ അവസ്ഥയിലാണ്. മുൻ വർഷ റിപ്പോർട്ടിൽ ഇക്കാര്യം വിശദമായി പ്രതിപാദിച്ചിരുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 1 | അനഘ, വനിത എസ്.എച്ച്.ജി., പുറപ്പുഴ |
| 2 | പാർവ്വതി എസ്.എച്ച്.ജി., പുറപ്പുഴ |
| 3 | വികസന വിദ്യാ കേന്ദ്രം, പുറപ്പുഴ |
| 4 | ദീപം DWCRA യൂണിറ്റ്, മണക്കാട് |
| 5 | നവജ്യോതി എസ്.എച്ച്.ജി., ആൽപ്പാറ |
| 6 | വനിത സാംസ്കാരിക നിലയം, മണക്കാട് |
| 7 | ശ്രീലക്ഷ്മി എസ്.എച്ച്.ജി. വർക്ക് ഷെഡ്, മണക്കാട് |
| 8 | മുട്ടം, ചള്ളാവയൽ മഹിളാസമാജം കെട്ടിടം |
| 9 | മുട്ടം, ഊരുകൂട്ടം തൊഴിൽ പരിശീലന കേന്ദ്രം |
| 10 | പ്രണവം ലൈബ്രറി വനിത വർക്ക് ഷെഡ്, ഇടവെട്ടി |
| 11 | മുട്ടം, എള്ളുംപുറം മഹിളാസമാജം കെട്ടിടം |

ബ്ലോക്കിന് വരുമാനദായകമായ കെട്ടിടങ്ങൾ ആവശ്യമായ പുനരുദ്ധാരണം നടത്തി പരിപാലിക്കുന്നതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടാറിംഗ് വേലകളുടെ കാലിവീപ്പയുടെ വില ഈടാക്കിയതിലെ അപാകത - നഷ്ടം ₹6,839/-

ടാറിംഗ് വേലകളിൽ packed bitumen നിരക്ക് നൽകിയാൽ കാലിവീപ്പയുടെ മൂല്യം തിരികെ ഈടാക്കേണ്ടത് കരാർ പ്രകാരം അംഗീകരിച്ച (Agreed PAC) തുക, ആകെ വേലമൂല്യം ഇവയിൽ ഏതാണോ കുറവ്, കുറവുള്ള തുകയിൽ നിന്നാണ്. എന്നാൽ 2017-18 വർഷം തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളിൽ വ്യവസ്ഥ പരിഗണിക്കാതെ കാലിവീപ്പയുടെ വില Agreed PAC-യിൽ അധികരിച്ച ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും ഈടാക്കിയതുവഴി കരാറുകാർക്ക് ₹6,839/- അധികമായി നൽകിയിരിക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | S009/18, വാഴപ്പിള്ളി മൂന്നാംവയലിൽ റോഡ് ടാറിംഗ് |
| അടങ്കൽ | ₹5,05,000/- (വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യഗസ്ഥൻ | അസി. എക്സി. എൻജിനീയർ |
| എം.ബുക്ക് നം. | 07/2016-17 |

| | |
|---|---|
| കരാറുകാരൻ | ഏലിയാമ്മ സ്കറിയ |
| ബിൽ നം./തീയതി/തുക | 3/2017-18 /17.07.2017/₹3,54,165/- |
| പ്രവൃത്തി മൂല്യം | ₹3,58,287/- |
| കാലിവീപ്പയുടെ വില | ₹2,970/- |
| കരാർ പ്രകാരം അംഗീകരിച്ച തുക | ₹3,54,165/- |
| കരാറുകാരന് നൽകാവുന്ന തുക | ₹3,51,195/- (354165-2970) |
| കരാറുകാരന് നൽകിയ തുക | ₹3,54,165/- |
| അധികമായി നൽകിയ തുക | ₹2,970/- |

2)

| | |
|---|---|
| പ്രോജക്റ്റ് | S069/18, അരീക്കൽ പ്രിയദർശിനി റോഡ് പുനരുദ്ധാരണം - കരിങ്കുന്നം ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | ₹6,00,000/- (വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യഗസ്ഥൻ | അസി. എക്സി. എൻജിനീയർ |
| എം.ബുക്ക് നം. | 10/2016-17 |
| കരാറുകാരൻ | കെ. താജ് |
| ബിൽ നം./തീയതി/തുക | 8/2017-18 /22.02.2018 / ₹5,59,959/- |
| പ്രവൃത്തി മൂല്യം | ₹5,67,789/- |
| കാലിവീപ്പയുടെ വില | ₹7,830/- |
| കരാർ പ്രകാരം അംഗീകരിച്ച തുക | ₹5,65,000/- |
| കരാറുകാരന് നൽകാവുന്ന തുക | ₹5,57,170/- (565000-7830) |
| കരാറുകാരന് നൽകിയ തുക | ₹5,59,959/- |
| അധികമായി നൽകിയ തുക | ₹2,789/- |

3)

| | |
|---|---|
| പ്രോജക്റ്റ് | S033/17, ബ്ലോക്ക് ഓഫീസ് റോഡ് പുനരുദ്ധാരണം |

| | |
|---|---|
| അടങ്കൽ | ₹5,06,679/- (വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണ ഉദ്യഗസ്ഥൻ | അസി. എക്സി. എൻജിനീയർ |
| എം.ബുക്ക് നം. | 79/2015-16 |
| കരാറുകാരൻ | കെ. കെ. രവി |
| ബിൽ നം./ തീയതി /ഉക | 15/2017-18 /03.03.2018 / ₹1,60,455/- (അവസാന ബിൽ) |
| പ്രവൃത്തി മൂല്യം | ₹3,78,558/- |
| കാലിവീപ്പയുടെ വില | ₹1,080/- |
| കരാർ പ്രകാരം അംഗീകരിച്ച തുക | ₹3,73,435/- |
| കരാറുകാരന് നൽകാവുന്ന തുക | ₹3,72,355/- (373435-1080) |
| കരാറുകാരന് നൽകിയ തുക | ₹3,73,435/- |
| അധികമായി നൽകിയ തുക | ₹1,080/- |

ആകെ തുകയായ ₹6,839/- ഉത്തരവാദിയായ അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ബ്ലോക്ക്പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതിയിൽ ടെണ്ടർ അംഗീകരിച്ചതിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0066/18, ബ്ലോക്ക്പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹1,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം./തീയതി/തുക | 20/17-18/11.10.2017/₹92,350/- |

മേൽ പദ്ധതി പ്രകാരം ബ്ലോക്ക്പഞ്ചായത്തിലേക്ക് ഫർണിച്ചർ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് വാങ്ങൽ നടത്തി. എന്നാൽ ടി സ്ഥാപനം ക്വട്ടേഷനിൽ 18 ഗേജ് സ്റ്റീൽ അലമാരയുടെ രേഖപ്പെടുത്തിയിരിക്കുന്ന നിരക്ക് സെക്രട്ടറി നേരിട്ട് തിരുത്തൽ വരുത്തി താരതമ്യ പത്രിക തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിച്ച് 02.08.2017 ലെ 11(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കൂടിയ നിരക്ക് നൽകിയാണ് വാങ്ങൽ നടത്തിയത്.

വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്ക് ₹ | സെക്രട്ടറി തിരുത്തൽ വരുത്തിയ നിരക്ക് ₹ | നിരക്കിൽ വന്ന വ്യതിയാനം ₹ | അധികമായി നൽകിയ ആകെ തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| അലമാര (സ്റ്റീൽ) | 1 | 5590 | 9810 | 4220 | 4220 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/തീ.08.03.2019) ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ₹5590/- യുടെ അലമാര ഗുണനിലവാരം വളരെ മോശമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 18 ഗേജ് അലമാര ₹9810/- നിരക്കിൽ ടി സ്ഥാപനത്തിൽ നിന്നും വാങ്ങി എന്നാണ് അറിയിച്ചിട്ടുള്ളത്. 18 ഗേജ് അലമാരയുടെ വില ₹5590/- എന്നാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നത്. ക്വട്ടേഷൻ പ്രകാരം രേഖപ്പെടുത്തിയ നിലവാരത്തിലുള്ള അലമാര സപ്ലൈ ചെയ്യുവാൻ സ്ഥാപനത്തിന് ബാദ്ധ്യതയുണ്ട് എന്നിരിക്കെ ആയതിന് അധിക തുക നൽകി അതേ സ്ഥാപനത്തിൽ നിന്ന് അലമാര വാങ്ങിയത് അംഗീകരിക്കാവുന്നതല്ല. അധികമായി നൽകിയ തുക, ₹4220/-, ക്വട്ടേഷനിൽ തിരുത്തൽ വരുത്തി അംഗീകാരത്തിന് ശുപാർശ ചെയ്ത് ഉറപ്പിച്ച് നൽകിയ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ വാങ്ങിയ ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ വാങ്ങിയ തീയതി, വില എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൂടി പരിഹരിക്കേണ്ടതാണ്.

## 3-3 പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിൽ

2016-17 വർഷം നടപ്പാക്കിയ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് എന്ന പദ്ധതി പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ₹4,25,000/- ചെലവിൽ ഒരു ഷ്രഡിംഗ് യൂണിറ്റ് വാങ്ങി മണക്കാട് ഗ്രാമപഞ്ചായത്തിലെ നെടിയശാലയിൽ സ്ഥാപിച്ച് 2018 നവംബർ മാസം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ഷ്രഡിംഗ് നടത്തി ടാറിംഗ് വേലകൾക്കായി ഉപയോഗിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സ്ഥാപനം ആരംഭിച്ചിട്ടുള്ളത്. ഇതിനായി പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് ഒരു വാഹനവും വാങ്ങിയിട്ടുണ്ട്. ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ രജിസ്റ്റർ പ്രകാരം 19.11.2018 മുതൽ 26.02.2019 വരെ ആകെ 3677 കിലോഗ്രാം പ്ലാസ്റ്റിക് ശേഖരിക്കുകയും ഇതിൽ 1829 കിലോഗ്രാം പ്ലാസ്റ്റിക് ഷ്രഡിംഗ് നടത്തി വില്പനയ്ക്കായി ശേഖരിച്ചുവെയ്ക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ നാളിതുവരെ അത് വില്പനയും നടത്തിയിട്ടില്ല. ചരക്ക് നീക്കം നടക്കാത്തത് യൂണിറ്റിന്റെ പ്രവർത്തനം സ്തംഭിക്കുന്ന അവസ്ഥയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഷ്രഡിംഗ് യൂണിറ്റ് വാങ്ങിയ വേളയിൽ ക്ലീൻ കേരള ലിമിറ്റഡുമായുള്ള കരാറിൽ ഷെഡിംഗ് നടത്തിയ പ്ലാസ്റ്റിക് മാർക്കറ്റിംഗ് നടത്തുന്നതിന് തദ്ദേശസ്ഥാപനത്തിന് ടി സ്ഥാപനവുമായി പ്രത്യേകമായി കരാറിൽ ഏർപ്പെടാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം വിപണനത്തിനായി ഒരു കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ ഷ്രഡിംഗ് നടത്തുന്ന പ്ലാസ്റ്റിക് വിപണനം ചെയ്യുവാൻ കഴിയാതെ സൂക്ഷിച്ചിരിക്കുന്നു. നിലവിലുള്ള മുറികളുടെ സൌകര്യം പരമാവധി ഇപ്പോൾത്തന്നെ ഉപയോഗപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഷ്രഡിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവെയ്ക്കേണ്ട അവസ്ഥയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 08.03.2019ലെ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ലേലം ചെയ്ത് കൊടുക്കുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുള്ളതായി മറുപടി നല്കിയിട്ടുണ്ട്. ഷ്രഡ്ഡഡ് പ്ലാസ്റ്റിക് വിപണനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പാലിയേറ്റീവ് കെയർ തുക ദുർവിനിയോഗം - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 28/18, പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | ₹ 1099350 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| ബിൽ നം./തീയതി/ തുക | 1/17-18/18.9.17 ₹58,500/-<br>2/17-18/27.9.17 ₹4,91,175/-<br>3/17-18/- ₹3,66,450/-<br>4/17-18/08.03.18 ₹1,83,225/- |

ബിൽ നം. 1/17-18 പ്രകാരം പിൻവലിച്ച തുക പാലിയേറ്റീവ് പരിചരണത്തിലുള്ള രോഗികൾക്ക് ഓണക്കിറ്റ് നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്.

നിർദ്ധനരായ രോഗികൾക്ക് മരുന്നും അവരുടെ രോഗപരിചരണത്തിനാവശ്യമായ ഉപകരണങ്ങളും (ഹോം കെയർ കിറ്റ് ) വാങ്ങി നൽകുന്നതിനു മാത്രമേ പാലിയേറ്റീവ് തുക വിനിയോഗിക്കാവൂ എന്നിരിക്കേ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.10.2015ലെ സ.ഉ.(സാധാ)3217/2015 നമ്പർ ഉത്തരവ് കാണുക). ഓണക്കിറ്റ് വാങ്ങി നൽകിയ നടപടി ക്രമപ്രകാരമുള്ളതല്ല. ആകയാൽ ഓണക്കിറ്റിനായി ചെലവഴിച്ച ₹58,500/- തടസ്സപ്പെടുത്തുന്നു.

## 3-5 പദ്ധതി രൂപീകരണം - പ്രിന്റിംഗിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

ബിൽ നം.9/17-18, തീ. 09.08.2017, തുക – ₹89,496/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം (1/18) എന്ന പ്രോജക്ടിന്റെ ആകെ ചെലവ് ₹89,496/-യാണ്. ഇതിൽ ₹49,160/- പ്രിൻടെക് പ്രസ്സ്, തൊടുപുഴ എന്ന സ്ഥാപനത്തിന് അച്ചടിക്കൂലിയിനത്തിൽ നൽകിയതാണ്. അച്ചടി പ്രവൃത്തി കരാർ ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് നൽകുകയാണുണ്ടായത്. 08.11.2010ലെ ജി.ഒ.(പി)259/2010/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖയുടെ ഖണ്ഡിക 2(ബി) പ്രകാരം ₹25,000/-യ്ക്ക് മുകളിലും ₹50,000/-യിൽ താഴെയും വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ക്വട്ടേഷൻ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടി സ്വീകരിക്കാതെ ക്രമവിരുദ്ധമായി വിനിയോഗിച്ച ₹49,160/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മുച്ചക്ര വാഹന വിതരണം അപാകതകൾ - തടസ്സം ₹6,00,000/-

| | |
|---|---|
| പ്രോജക്ട് | S0027/18, ശാരീരിക വൈകല്യമുള്ളവർക്ക് മുച്ചക്ര വാഹനം |
| അടങ്കൽ | ₹9,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ |
| ബിൽ നം./തീയതി/തുക | 4/17-18/തീ. 14.02.18 ₹6,75,000/-<br>5/17-18/തീ. 22.03.18 ₹2,25,000/- |

പ്രസ്തുത പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഗുണഭോക്താക്കളായ വ്യക്തികൾക്ക് 40%ൽ ഏറെ ശാരീരിക വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കുവാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണമെന്നാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.04.2017ലെ ജി.ഒ.എം.എസ്.80/2017 നമ്പരായി പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 10.1.എ(6)ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ വാഹനം ലഭിച്ച 12 വ്യക്തികളിൽ 7 പേർക്ക് ഈ വാഹനം ഓടിക്കുവാൻ കഴിയുമെന്ന് ഡോക്ടറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. അവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യക്തിയുടെ പേര് | വൈകല്യം % |
|---|---|---|
| 1 | ഗിരീഷ് | 80 |
| 2 | മീനു | 40 |
| 3 | കലേഷ് എ. ആർ. | 60 |
| 4 | ബിറ്റി ജെയിംസ് | 80 |
| 5 | ഗോപി | 45 |
| 6 | ജേക്കബ്ബ് | 65 |
| 7 | കെ. കെ. ജോസഫ് | 80 |

2) മാർഗ്ഗരേഖ പ്രകാരം, ഗുണഭോക്താവ് 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച വ്യക്തി ആയിരിക്കരുത്. പ്രസ്തുത നിബന്ധന പാലിച്ച രേഖകളില്ല .

3) സ്കൂട്ടർ ലഭിച്ച ആൾ, സ്കൂട്ടർ കൈമാറ്റം ചെയ്യുകയോ, വിൽക്കുകയോ ചെയ്യില്ലയെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ബ്ലോക്കുപഞ്ചായത്തുമായി കരാർ ചമച്ചിട്ടില്ല.

4) സ്കൂട്ടർ ലഭിച്ച വിനോദ് ഇ. ജി. എന്ന വ്യക്തിയുടെ ഡ്രൈവിംഗ് ലൈസൻസോ, സ്കൂട്ടർ ഓടിക്കുവാനുള്ള പ്രത്യേക അനുവാദമോ, മറ്റ് രേഖകളോ ഫയലിൽ ഇല്ല .

ടി അപാകതകൾ നിലനിൽക്കുന്നതിനാൽ 8 വ്യക്തികൾക്ക് നൽകിയ മുച്ചക്ര വാഹനങ്ങളുടെ വിലയായ ₹6,00,000/- (75000x8) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മണ്ണ് സംരക്ഷണം- ഫലവൃക്ഷത്തൈ വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് | S0009/18, മണ്ണ് സംരക്ഷണം, ഫലവൃക്ഷത്തൈ വിതരണം |
| അടങ്കൽ ₹6,25,000/- | ₹5,00,000/- (വികസന ഫണ്ട്)<br>₹1,25,000/- (ഗുണഭോക്തൃ വിഹിതം ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസി. ഡയറക്ടർ |
| ബിൽ നം./തീയതി/തുക | 2/17-18/30.01.18 ₹3,50,000/-<br>3/17-18/28.02.18 ₹1,50,000/- |

കൃഷി അസി. ഡയറക്ടർ, നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്റ്റ് പ്രകാരം വിതരണ ഏജൻസികളായ ഡി.എ.എഫ്., അരിക്കുഴ & കുറ്റിയാങ്കൽ നേഴ്സറി, ഭരണങ്ങാനം എന്നിവർക്ക് സപ്ലൈ ഓർഡർ നൽകിയതിന്റെയും ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിന്റെയും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പ്രോജക്റ്റ് നടത്തിപ്പിന്റെ സുതാര്യത ഉറപ്പാക്കാനാവാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതാണെന്ന് ഇത് സംബന്ധമായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.7) മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 നീക്കിയിരിപ്പ് തുക തിരിച്ചടച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് പിൻവലിച്ചതിൽ വിനിയോഗിക്കാതെ ശേഷിച്ച തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് നാളിതുവരെയായും തിരിച്ചടച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | ചെലവ് തുക (ബിൽ നം./ തീയതി) ₹ | ചെലവഴിച്ച തുക ₹ | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|---|
| എള്ളുമ്പുറം എസ്.റ്റി. കോളനിയിലെ കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ നീട്ടൽ | 32/17-18 തീ.19.01.18 ₹4,57,125/- | 452078 | 5047 |
| പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ യൂണിറ്റിന് കുഴൽ കിണർ നിർമ്മാണം | 41/17-18 തീ.06.03.18 ₹48,321/- | 47310 | 1011 |
| | | ആകെ | 6058 |

₹6,058/- കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ദർഘാസ് പരസ്യങ്ങൾ വിൻഡോ പരസ്യ രൂപത്തിൽ നൽകിയില്ല

പൊതുഭരണ (ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ്-ഡി.) വകുപ്പ് സ.ഉ.(അച്ചടിച്ചത്) 01/04/ഐ&പി.ആർ.ഡി./തീ.01-01-04, സർക്കുലർ 7441/ആർ.ഡി-1/04/ഐ.&പി.ആർ.ഡി./തീ. 21-06-04 എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മാത്രമാണ് നൽകേണ്ടത്. കൂടാതെ ജി.ഒ.(ആർ.ടി)1/2011/പി.ആർ.ഡി./തീ.04-01-2011 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങൾ പരസ്യനിരക്കിൽ 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്തിൽ പത്രപ്പരസ്യങ്ങൾ നൽകിയിട്ടുള്ളത്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പത്രം/പരസ്യ തീയതി/ പരസ്യം നൽകിയത്/ ചെക്ക് നം. | നിരക്ക് | നൽകിയ പരസ്യത്തിന്റെ അളവുകൾ (cm) | നൽകാവുന്നത് (cm) | നൽകിയത്/തുക (ജി.എസ്.ടി.5%) | നൽകാവുന്ന നിരക്ക്/തുക (ജി.എസ്.ടി, ഡിസ്കൗണ്ട് ഉൾപ്പടെ) | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|
| മംഗളം<br>27-07-17<br>സെക്രട്ടറി,<br>തൊടുപുഴ ബ്ലോക്ക്<br>ചെ.നം.2311635/18-08-17 | 65 | 12.20x15=183 | 8.12x3=24.36 | 183x65=<br>11895+594=<br>₹12,489/- | 24.36x65=₹1583/-<br>ഡിസ്കൗണ്ട്<br>(15%)=-237<br>ജിഎസ്.ടി.5%<br>=1583x5%=+79<br>നൽകാവുന്നത്=1425/- | 11064/- |
| ദേശാഭിമാനി<br>20-10-16<br>സെക്രട്ടറി,<br>തൊടുപുഴ ബ്ലോക്ക്<br>ചെ.നം.2741014/<br>12-04-17 | 150 | 2x3 | 2x3 | ₹3,600/- | ഡിസ്കൗണ്ട്<br>(15%)=<br>3600x15%=540<br>നൽകാവുന്നത്=3060/- | 540/- |
| മംഗളം<br>അസി. എഞ്ചിനിയർ,<br>തൊടുപുഴ ബ്ലോക്ക്<br>ചെ.നം.2311676/<br>24-10-17 | 65 | 8x<br>5=40 | 8x3=24 | 2600+130=2730/- | 24x65=1560/-<br>ഡിസ്കൗണ്ട്<br>(15%)=-234<br>ജിഎസ്.ടി.(5%)<br>=1560x5%=+78<br>നൽകാവുന്നത്=1404/- | 1326/- |
| ആകെ | | | | | | **12930/-** |

മാനദണ്ഡങ്ങൾ പാലിയ്ക്കാതെ അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ഹാജരാക്കിയില്ല. ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിച്ചുമാത്രം ഇത്തരം ചെലവുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പൈങ്കുളം അങ്കണവാടി കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| ബിൽ നമ്പർ/തീയതി | 14/17-18/18.08.2017 |
| തുക | ₹6,00,000/- |
| പ്രോജക്റ്റ് നം | 55/18 |

2017-18 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കമാരമംഗലം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡായ പൈങ്കളത്ത് അങ്കണവാടി കെട്ടിടം പണിയുന്നതിനായി വികസന ഫണ്ടിൽനിന്നും ₹6,00,000/- എം.ജി.എൻ.ആർ.ഇ.ജി.എസ്. ഡയറക്ടറുടെ നിർദ്ദേശ പ്രകാരം തിരുവനന്തപുരം ജില്ലാ ട്രഷറി ടി.എസ്.ബി. 799011400000486 നമ്പർ അക്കൗണ്ടിൽ 18.08.2017 തീയതിയിൽ അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും നിർമ്മാണം ആരംഭിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഭവന നിർമ്മാണ പദ്ധതി പൂർത്തിയാക്കിയില്ല

2009-10 സാമ്പത്തിക വർഷം ആരംഭിച്ച ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതിയിലെ പണി പൂർത്തീകരിക്കാതിരുന്ന 25 ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചെങ്കിലും 4 പേർ നാളിതുവരെ പണി പൂർത്തികരിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഗുണഭോക്താക്കൾക്ക് വേണ്ടി വകയിരുത്തിയ തുക ₹ | ധനസഹായം നൽകിയ തുക ₹ |
|---|---|---|---|
| 1 | സിസിലി കുറവച്ചൻ | 75000 | 41550 |
| 2 | ലീല അജയകുമാർ | 100000 | 13500 |
| 3 | ബിന്ദു ബേബി | 100000 | 13500 |
| 4 | ത്രേസ്യമ്മ ദേവസ്യ | 200000 | 179500 |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-12 വിവിധ ഫണ്ട് കൈമാറൽ പ്രവൃത്തികൾ - വിനിയോഗ വിവരങ്ങളില്ല

| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|

| ബിൽ നമ്പർ/ തീയതി | തുക ₹ | ചെലവ് | തടസ്സകാരണം |
|---|---|---|---|
| 5/17-18/ 18.07.2017 പ്രോജക്ട് നമ്പർ 5/18 | 21987 | ഐ.കെ.എം.വിഹിതം | കൈപ്പറ്റ് രസീത്, വിനിയോഗവിവരം ഹാജരാക്കിയില്ല |
| 5/17-18 തീ.18.07.17 | 84123 | ജവഹർ ഭവന പദ്ധതി ബ്ലോക്ക് വിഹിതം വിവിധ പഞ്ചായത്തുകൾക്ക് നൽകിയത് | - ടി - |
| പ്രോജക്ട് നമ്പർ 50/18 | 150000 | വയോജന പാർക്ക് - ബ്ലോക്ക് വിഹിതം മണക്കാട് ഗ്രാമപഞ്ചായത്തിന് നൽകിയത് | - ടി - |
| ആകെ | 256110 | | |

ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ₹2,56,110/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ മരുന്നുകൾ വാങ്ങി - അപാകതകൾ

| പ്രോജക്ട് | S0028/18, പാലിയേറ്റീവ് പരിചരണം |
|---|---|
| അടങ്കൽ | ₹10,99,350/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ബിൽ നം./തീയതി/തുക | ആകെ തുക ₹4,91,175/- |

| | |
|---|---|
| | 2/17-18/തീ. 27.09.17 ₹1,28,755/-<br>(മരുന്ന് വാങ്ങലിന് ചെലവഴിച്ചത്)<br>8/17-18/തീ. 08.03.18 ₹1,83,230/- |

പാലിയേറ്റീവ് കെയർ പ്രോജക്ടിന് വേണ്ടി പ്രസ്തുത ബില്ലുകൾ പ്രകാരം നീതി മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം. 2/17-18 പ്രകാരം വാങ്ങിയ മരുന്നുകളുടെ വിവരം.

| ഇൻവോയ്സ്/ബിൽ നം. | തീയതി | തുക ₹ |
|---|---|---|
| ഇൻ.71003 | 8.3.18 | 26249/- |
| ഇൻ.73153 | 15.3.18 | 23077/- |
| ബിൽ.3316 | 20.3.18 | 33760/- |
| ബിൽ.4065 | 26.3.18 | 36922/- |
| ബിൽ.4062 | 26.3.18 | 8747/- |
| | ആകെ | 128755/- |

ബിൽ നം. 8/17-18 പ്രകാരം വാങ്ങിയ മരുന്നുകളുടെ വിവരം.

| ബിൽ നം. | തീയതി | തുക ₹ |
|---|---|---|
| 10701 | 27.01.08 | 99978/- |
| 11993 | 15.02.18 | 83252/- |
| | ആകെ | 183230/- |

ഒട്ടാകെ ₹3,11,985/-

ടി മരുന്നുകൾ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെയാണ് വാങ്ങിയിരിക്കുന്നത്. മരുന്നുകൾ അടിയന്തിരമായി വാങ്ങേണ്ടതാണെങ്കിൽ അവ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവുന്നതാണ് എന്ന സർക്കാർ ഉത്തരവ് ഉണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ അത്തരമൊരു സാഹചര്യം ചൂണ്ടിക്കാട്ടുന്ന എച്ച്.എം.സി. തീരുമാനം കണ്ടില്ല. ക്വട്ടേഷൻ/ടെണ്ടർ നടപടികൾ ഒഴിവാക്കുവാനാണ് മരുന്നുകൾ പല പ്രാവശ്യമായി വാങ്ങിയത് എന്ന് ഇതിൽ നിന്നും അനുമാനിക്കാവുന്നതാണ്. ഇത് സംബന്ധിച്ച എൻക്വയറിക്ക് (നം. 15) മറുപടി ലഭ്യമാക്കിയില്ല. അടിയന്തിര സാഹചര്യങ്ങളിലൊഴികെ മരുന്നുകൾ കെ.എം.എസ്.സി.എൽ. മുഖേന വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 മരുന്നുകൾ ലഭ്യമായില്ല - ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് | S0028/18, പാലിയേറ്റീവ് പരിചരണം |

| | |
|---|---|
| അടങ്കൽ | ₹10,99,350/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |
| ബിൽ നം./തീയതി/തുക | 3/17-18/തീ. 27.09.2017. ₹3,66,450/- |

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി ബിൽ നം. 3/17-18, പ്രകാരം ₹3,66,450/-ക്ക് മരുന്നുകൾ വാങ്ങുന്നതിനായി (₹1,83,225/- വീതം) മുട്ടം സി.എച്ച്.സി. , ഇടവെട്ടി പി.എച്ച്.സി. എന്നീ മെഡിക്കൽ ഓഫീസർമാരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ മുട്ടം സി.എച്ച്.സി യിൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. ഇടവെട്ടി പി.എച്ച്.സി.-യിൽ ₹38,294/-യുടെ മരുന്നുകൾ കൂടെ ലഭിയ്ക്കുവാനുണ്ട്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ കൈമാറിയ ₹2,21,519/-(183225+38294) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

- ഇല്ല -

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | എള്ളുമ്പുറം എസ്.റ്റി കോളനി കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ നീട്ടൽ | 82585 | 457125 | 452075 | 5047 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് – കുഴൽ കിണർ നിർമ്മാണം | 0475 | 48321 | 47310 | 1011 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

### 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹436/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2004-05 | 3-1 | 436 | ശ്രീ. റ്റി. എം. മുഹമ്മദ് ജാ, സെക്രട്ടറി | 88/04.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെ പേരിലോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം ₹75,000/- | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹3,66,53,946 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,17,94,072 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹11,059 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹11,76,289 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6839 | ശ്രീമതി. ലിസ്സി തോമസ്,<br>അസി. എക്സി. എഞ്ചിനീയർ |
| 3-2 | - | 4220 | ശ്രീ. ലാൽകുമാർ ജെ.ആർ,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 58500 | ഡോ. ബി. സുധാകർ,<br>മെഡിക്കൽ ഓഫീസർ |
| 3-5 | 49160 | ശ്രീ. ലാൽകുമാർ ജെ. ആർ., സെക്രട്ടറി |
| 3-6 | 600000 | ശ്രീമതി. സുജ ജേക്കബ്, സി.ഡി.പി.ഒ. |
| 3-12 | 256110 | ശ്രീ. ധീരജ് മാത്യു ജെ. ജെ., സെക്രട്ടറി |
| 3-15 | 212519 | ഡോ. ബി. സുധാകർ,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക – 3-1, 3-2

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലാൽകുമാർ ജെ. ആർ.<br>സെക്രട്ടറി | സെക്രട്ടറി<br>റാന്നി ബ്ലോക്ക്പഞ്ചായത്ത് | അതുല്യ, ആനക്കൊട്ടൂർ<br>പി.ഒ, കൊട്ടാരക്കര |
| ശ്രീമതി. ലിസ്സി തോമസ്<br>അസി.എക്സി.എഞ്ചിനീയർ | എ.എക്സ്.ഇ.<br>തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് | ഉഴുന്നാലിൽ,<br>റോയൽ ഗാർഡൻ,<br>അന്തിനാട്ട് റോഡ്<br>തൊടുപുഴ |
| ഡോ. ബി. സുധാകർ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | നന്ദനം<br>കുമാരമംഗലം പി. ഒ.<br>തൊടുപുഴ<br>ഇടുക്കി-685608 |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. – 4/180/05/ 08.06.2005 | 1 | 16 |

| | | | |
|---|---|---|---|
| 1997-98 | കെ.എസ്.എ.-ഐ.ഡി.കെ. – 7/69/17/01.02.2017 | 4 | 24, 25, 27, 28 |
| 1998-99 | എൽ.എഫ്.ഐ. - 5/908/14/ 03.12.2014 | 3 | 24, 27(എ), 33 |
| 1999-2000 | എൽ.എഫ്.ഐ. - 5/908/14/ 03.12.2014 | 2 | 23, 27 |
| 2000-01 | കെ.എസ്.എ.–ഐ.ഡി.കെ.- 7/223/18/27.04.2018 | 3 | 20, 22, 23 |
| 2001-02 | കെ.എസ്.എ.–ഐ.ഡി.കെ.- 7/736/16/30.07.2016 | 1 | 2-2 |
| 2003-04 | എൽ.എഫ്.ഐ. – 4/202/11/ 07.02.2011 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ. – 7/1435/17/ 30.10.2017 | 4 | 3-2, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.–ഐ.ഡി.കെ.- 7/292/18/17.04.2018 | 2 | 2-2, 3-2 |
| 2008-09 | കെ.എസ്.എ.–ഐ.ഡി.കെ.- 7/222/18/21.03.2018 | 3 | 3-3, 3-5, 3-6 |
| 2009-10 | കെ.എസ്.എ.–ഐ.ഡി.കെ.- 7/1255/16/09.09.2016 | 1 | 2-1 |
| 2010-11 | കെ.എസ്.എ.–ഐ.ഡി.കെ.- 7/991/2018/29.09.2018 | 4 | 3-1, 3-2, 3-3, 3-4 |
| 2011-12 | കെ.എസ്.എ.–ഐ.ഡി.കെ.- 7/1415/18/14.01.2019 | 2 | 2-1, 3-2ബി |
| 2012-13 | കെ.എസ്.എ.–ഐ.ഡി.കെ.- 7/205/16/05.04.2016 | 4 | 2-1, 3-1, 3-3, 3-4 |
| 2014-15 | കെ.എസ്.എ.–ഐ.ഡി.കെ.- 7/4/2018/12.03.1018 | 2 | 2-1, 3-2 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ – 7/830/17/14.07.2017 | 7 | 1-12, 2-1, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ – 7/228/18/11.05.2018 | 4 | 2-1, 2-5, 2-6, 3-5 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-7/230/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
*ഇ-മെയിൽ : doidk.ksad@kerala.gov.in*
ഫോൺ നം. 04862 227332
തീയതി : 26.03.2019

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൊടുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി